KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# ലിറ്റിൽ ഫ്ലവർ

## ഡിജിറ്റൽ മാഗസിൻ




ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ, കാവാലം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# ഡിജിറ്റൽ മാഗസിൻ



# 2019 - 2020



# സന്ദേശം

കാവാലം ലിറ്റൽ ഫ്ലവർ ഹൈസ്കൂൾ 2019 - 2020 അദ്ധ്യയന വർഷത്തിൽ 'ലിറ്റിൽ ഫ്ലവർ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്. പാഠ്യ-പാഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും സാഹിത്യ സൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും ഈ മാസികയ്ക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു

ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

റവ. ഫാ. സിറിൾ ചേപ്പില

സ്കൂൾ മാനേജർ



# സന്ദേശം

കാവാലം ലിറ്റൽ ഫ്ലവർ ഹൈസ്കൂൾ 2019 - 2020 അദ്ധ്യയന വർഷത്തിൽ 'ലിറ്റിൽ ഫ്ലവർ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട് . എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്

എം ജെ തോമസ്

ഹെഡ്മാസ്റ്റർ

(ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ, കാവാലം)

# എഡിറ്റോറിയൽ



ഐക്യത്തിനായി പോരാടാൻ..............................

സ്നേഹത്തോടെ നീങ്ങാം..........................................

ഈ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിന് സഹായം നൽകിയ ലിറ്റിൽ കൈറ്റ് കുട്ടികൾ , നിർദ്ദേശങ്ങൾ നൽകിയ ജോജി സാർ, രോഷിനി ടീച്ചർ എന്നിവർക്ക് നന്ദി ..........................

**ബ്രീജിറ്റ് സലിൽ**

**(എഡിറ്റർ)**

# പ്രകൃതിയാകുന്ന അമ്മ



നൻമയായിചൊരിയുന്ന  പൂന്തേനായി അമ്മ

ചൊരിയുന്നചൈതന്യചിരിയായി എന്നിൽ

നിറയും പച്ചനിറമായി മിഴികളിൽതോറും

വിരിയും പൂഇതളായി മനസിൻെ്റ കോണിൽ

അറിയുന്നു  ഞാൻ നിൻെറ സ്നേഹമൊഴികൾ

തൻനിറകുടമായി ഞാൻ സൂക്ഷിപ്പിൻ

അകലുന്നു ഞാൻ നിൻെറ സ്നേഹമഞ്ചരിയായി

അറിയാതെ അറിയുന്നു മിഴിനീർ കനവിൽ

അമ്മയായി കാണുന്നു നിൻ സ്നേഹമെന്നാൽ

അറിയാതെ അടരുന്നുനിന്നിൽന്നിന്നകലെ

മനമാകെ അർത്ഥശൂന്യമായി മായവേ

അറിയാതെ അകലുമ്പോള് പൊലിയുന്ന നിന്നെയും

മനമാകെ അലതല്ലും  നൊമ്പരരക്കടലായി

അറിയുന്നു ഞാന് നിൻെറ സ്നേഹമെന്നെന്നും

നീളുന്ന സ്നേഹമായി ആഴമായി നീങ്ങുന്ന

ആനന്ദ ചൈതന്യ അമ്മ നീയേ......

.....സാന്ദ്രാ ജോസഫ്......

# അമ്മ



*അമ്മതൻ  ഗർഭത്തിൽനിന്ന്*

*ഊർന്നുവിണൊരു നിമിഷമാണ്*

*ധന്യമായതെന്നു ഞാൻ നിരുപിച്ച*

*'ക്ഷമ'തൻ നിറകുടമാണമ്മ,*

*സ്നേഹമാണമ്മ.*

*മക്കൾതൻ നന്മമാത്രം*

*ആഗ്രഹിക്കും മഹത്വമാണമ്മ.*

*അമ്മതൻ സ്നേഹത്തെ നിർവചിക്കാനാവുമോ?*

മഹത്വത്തിൻെറ നിറകുടമാണമ്മ

ആ അമ്മേ സ്നേഹിക്കു........ബഹുമാനിക്കു..........

എങ്കിൽ മാത്രമെ ജീവിതത്തിൽ

ഉയർച്ചയുള്ളൂയെന്ന്

ഓർക്കുക നീ...........

...ബ്രീജിറ്റ് സലിൻ ....

# നമ്മൾ




സ്നേഹമായി എന്നും മണ്ണിൽ

വിരിയുന്ന സൗഹൃദ പനിനീർ

പൂക്കൾ നമ്മൾ

സൗഹൃദ തോണിയിൽ തുഴയുന്ന

കാലത്തിൽ മായാത്ത ചിത്രത്തിൽ ഏടുകൾ നാം

നിഴലിച്ച മനസിലിന്നൊരുപ്പാട്

താലോലിച്ച നാം

എന്നും മനസ്സിന്റ വഴിവക്കിലൊരു

ചെറു നാളം പോൽ

കത്തിജ്ജ്വലിച്ച നിൽപ്പ

വിജയത്തിൽ പടിവാതിലിൽ

ഒരുമിച്ച കൈകോർത്തു നമ്മളൊരു

കൊച്ചു യാത്രയിൽ സഹയാത്രികർ

പിരിയുവാൻ കഴിയില്ല

ഒരുനാളും തോഴരേ .....

അറിയൂ ഹൃദയമിടിപ്പുകൾ നാം......

............അഞ്ജന റ്റി എസ് ......



# സ്ത്രീ

വേദനതൻ തീനാളത്തിൽ വെന്തുരുകിയോരു

ഏകമാം പദം സ്ത്രീ

കഷ്ടപ്പാടിന്റെ കരിങ്കടലിൽ മുങ്ങിതാഴ്ന്ന്

മുന്നോട്ട് കുതിക്കുവാനായി പിറന്നവൾ സ്ത്രീ

മെഴുകുതിരിനാളമായ് ഉരുകിത്തീർന്നവൾ

മിന്നാമിന്നിപോലെ വെളിച്ചമേകിയവൾ സ്ത്രീ

മനസ്സിന്റെ മുറിവുകളെ മറച്ച്


മന്ദഹാസമണിയിച്ചവൾ സ്ത്രീ

സ്ത്രീ അമ്മയാണ് ദേവിയാണ് വാത്സല്യമാണ്.

സ്നേഹത്തിൻ നിറകുടമേറിയവൾ സ്ത്രീ.

.........പ്രതീഭ..........

# ജീവിതം



| | | |
|---|---|---|
| ജീവിതം ഒരു ലക്ഷ്യമാണ് | – | നേടിയെടുക്കുക |
| ജീവിതം ഒരു വെല്ലുവിളിയാണ് | – | അഭിമുഖീകരിക്കുക |
| ജീവിതം ഒരു സമ്മാനമാണമ് | – | സ്വീകരിക്കുക |
| ജീവിതം ഒരു കമയാണ് | – | നിറവേറ്റുക |
| ജീവിതം ഒരു വിനോദമാണ് | – | ആസ്വദിക്കുക |
| ജീവിതം ഒരു നിഗൂഢതയാണ് | – | വെളിവാക്കുക |
| ജീവിതം ഒരു ഗാനമാണ് | – | ആലപിക്കുക |
| ജീവിതം സ്നേഹമാണ് | – | അനുഭവിക്കുക |
| ജീവിതം വാഗ്ദാനമാണ് | – | പാലിക്കുക |
| ജീവിതം സൗന്ദര്യമാണ് | – | വാഴ്ത്തുക |
| ജീവിതം ചേതനയാണ് | – | തിരിച്ചറിയുക |
| ജീവിതം പോരാട്ടമാണ് | – | പൊരുതുക |
| ജീവിതം സാഹസികതയാണ് | – | മുതിരുക |
| ജീവിതം പ്രഹേളികയാണ് | – | ഉത്തരം കണ്ടെത്തുക |

............മരിയ ഷെറിഫ്.............

# പ്രകൃതി നമ്മുടെ മാതാവ്

പ്രകൃതി നമ്മുടെ അമ്മയാണ്.ആ അമ്മയെ നാം സ്നേഹിക്കണം, പരിപാലിക്കണം.നാം എപ്പോഴെങ്കിലും അമ്മയെ വേദനിപ്പിക്കാറുണ്ടോ?...

എന്നാൽ ഇന്ന് മനുഷ്യൻ പ്രകൃതിയെ വളരെയധികം വേദനിപ്പിക്കുന്നു.

സ്വന്തം നേട്ടങ്ങൾക്കായി പ്രകൃതിയെ ക്രൂരമായി ഉപദ്രവിക്കുന്ന ആളുകളാണ് നമ്മുക്കു ചുറ്റുമുള്ളത്.

മരങ്ങൾ മുറിച്ചും, കുന്നുകൾ ഇടിച്ചു നിരത്തിയും, പാടങ്ങൾ നിരത്തി കെട്ടിടങ്ങൾ നിർമ്മിച്ചും, പ്രകൃതിയെ നാം പലവിധമായി ചൂഷണം ചെയ്യുന്നു.

പ്രകൃതിയെ സംരക്ഷിക്കാം, പ്രകൃതിയെ ഉപദ്രവിക്കാതിരിക്കാം, നല്ലൊരു നാളെ വാർത്തെടുക്കാം........



......അനറ്റ് മരിയ.........

# ഉണരുമ്പോൾ മുതൽ ഉറങ്ങുന്നതുവരെ നാം പാലിക്കേണ്ടത്



| | | |
|---|---|---|
| ഉണരണം | – | പ്രസന്നമായി |
| സംസാരിക്കണം | – | സൗമ്യമായി |
| ധരിക്കണം | – | ഭംഗിയായി |
| അദ്ധ്വാനിക്കണം | – | സത്യസന്ധമായി |
| കഴിക്കണം | – | മിതമായി |
| ചിന്തിക്കണം | – | സ്വന്തമായി |
| വിശ്വസിക്കണം | – | യഥാർത്ഥമായി |
| സ്നേഹിക്കണം | – | ആത്മാർത്ഥമായി |
| പെരുമാറണം | – | നിഷ്കളങ്കമായി |
| ഉറങ്ങണം | – | സമാധാനമായി |

.........അഞ്ജന പി ജെ ...........

# THE FAT CAT



I HAD A CAT
WHO WAS SO FAT
HE COULD NOT EVEN
SIT ON HIS MAT

HE HAD A HAT
THAT DID NOT FIT
HE PUT IT ON
AND THEN IT SPLIT

......അനറ്റ് മരിയ.........

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



# എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി




k36256726 www.fotosearch.com